No. CEE/4900/PGM-2020/TA3

5031
16/3/20

GOVERNMENT OF KERALA
OFFICE OF THE COMMISSIONER FOR ENTRANCE EXAMINATIONS
Housing Board Buildings, Santhi Nagar, Thiruvananthapuram - 695 001

## NOTIFICATION

## ALLOTMENT / ADMISSION TO POST GRADUATE MEDICAL DEGREE COURSES, KERALA -2020

1. Applications are invited from the candidates qualified in the NEET-PG 2020, for admission to **Post Graduate Medical Degree Courses, 2020** in the State Quota Seats Government Medical Colleges and Regional Cancer Centre (RCC), Thiruvananthapuram and to the entire seats including minority Quota and NRI Quota seats available in Private Self Financing Medical Colleges in Kerala.
2. **Eligibility for Admission:**
   (a) **Academic:** Applicants should be in possession of MBBS degree or provisional MBBS pass certificate recognized by MCI with MBBS qualification registered permanently or provisionally with MCI or State Medical Council and should have completed one year of internship or likely to complete it on or before **31st March 2020.** Admission to such candidate will be given only after obtaining registration of T.C. Medical Council.
   (b) **Nativity:** Indian Citizens of Kerala origin (prospectus clause 4-2).
   (c) **Age:** (prospectus clause 4-3).
   (d) **Qualifying criteria:-** General Candidates 50th percentile in NEET PG. Scheduled Caste (SC), Scheduled Tribes (ST), Socially and Educationally Backward Classes (SEBC), SC-PwD, ST-PwD, SEBC- PwD - 40th percentile. General- PwD candidates-45th percentile.
3. **Mode of selection:-**
   From the rank list prepared by the Commissioner for Entrance Examinations, Kerala on the basis of NEET PG 2020 rank list subject to satisfying the eligibility conditions as in Clause 4 of the prospectus through a common counseling conducted by the Commissioner of Entrance Examinations.
4. **Submission of Applications and Application Fee:** Candidates should apply online through the website <u>www.cee.kerala.gov.in</u> from **11.03.2020 to 20.03.2020** of the Commissioner for Entrance Examinations and then remit the required fee by way of online payment or by way of e-challan available during the submission of online application. Payment through e-challan can be made in cash at any of the Head/Sub Post offices in Kerala. candidate should upload signature and all necessary certificates. <u>**No need to send printout of the application or any documents to the Commissioner for Entrance Examinations**</u>.
5. **Last date and Time for the submission of online application:** Should submit the online application along with uploaded documents/certificates mentioned in clause 7.2.4 of the prospectus before 5 pm of 20.03.2020. The service candidates should send the printout of the application along with printout of the uploaded documents to the Head of the concerned department before 5 pm of **20.03.2020.** Application Fee for General Candidates - **Rs.1000/-** SC/ST candidates and those eligible for SC/ST - **Rs.500/-**
6. **Admission under NRI / Minority/EWS Quota.** Eligible candiates can upload required documents together with the online application. (see notification)
7. For Prospectus and other informations visit <u>www.cee.kerala.gov.in</u> before filling up the Online application forms.

**Helpline Number: 0471-2525300**

Thiruvananthapuram
12 .03.2020

FOR COMMISSIONER FOR ENTRANCE EXAMINATIONS

**No. CEE/4900/ PGM-2020/TA3**

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## ബിരുദാനന്തര ബിരുദ മെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം–2020

1. 2020–21 അദ്ധ്യയന വർഷത്തെ വിവിധ ബിരുദാനന്തര ബിരുദ മെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻ 2020 ലെ പി.ജി മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി നടത്തിയിട്ടുള്ള NEET-PG-2020 പ്രവേശന പരീക്ഷയിൽ നിശ്ചിത യോഗ്യത നേടി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പരീക്ഷാർത്ഥികളിൽ നിന്നും കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലും ലഭ്യമായ സ്റ്റേറ്റ് ക്വാട്ടാ സീറ്റുകളിലേയ്ക്കും, സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മൈനോറിറ്റി, എൻ.ആർ.ഐ ക്വാട്ടാ ഉൾപ്പെടെ ലഭ്യമായ എല്ലാ സീറ്റുകളിലേയ്ക്കും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

2. <u>പ്രവേശനത്തിന് വേണ്ട യോഗ്യതകൾ</u>:

i. <u>വിദ്യാഭ്യാസ യോഗ്യതകൾ</u>: അപേക്ഷകർ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയിലോ, സംസ്ഥാന മെഡിക്കൽ കൗൺസിലോ രജിസ്റ്റർ ചെയ്യപ്പെട്ട എം.സി.ഐ. അംഗീകൃത എം.ബി.ബി.എസ്. ബിരുദം ഉള്ളവർ ആയിരിക്കണം. കൂടാതെ, അപേക്ഷകൻ 2020 മാർച്ച് 31–നോ, അതിനു മുൻപോ ഒരു വർഷത്തെ ഇന്റേൺഷിപ്പ് പൂർത്തിയായിരിക്കണം.

ii. നേറ്റിവിറ്റി: അപേക്ഷകൻ കേരളീയനായ ഇന്ത്യൻ പൗരനായിരിക്കണം.(പ്രോസ്പെക്ടസ് ക്ലോസ4–2)

iii. വയസ്: (പ്രോസ്പെക്ടസ് ക്ലോസ് 4–3).

iv. യോഗ്യതാ മാനദണ്ഡം: നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻ നടത്തിയ 2020–21 വർഷത്തെ ബിരുദാനന്തര/ ബിരുദ പ്രവേശനത്തിനുള്ള നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് –പോസ്റ്റ് ഗ്രാജുവേറ്റ് (NEET UG-2020) അഭിമുഖീകരിച്ച് കുറഞ്ഞ യോഗ്യതയായ 50 പെർസന്റയിൽ നേടിയിരിക്കണം. SC, ST, SEBC, SC-PwD, ST- PwD, SEBC- PwD വിഭാഗക്കാർ– 40 പെർസന്റയിൽ, ജനറൽ PwD വിഭാഗക്കാർ–45 പെർസന്റയിൽ നേടിയിരിക്കണം. (പ്രോസ്പെക്ടസ് ക്ലോസ് 4–4).

3. പ്രവേശന രീതി: നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് പോസ്റ്റ് ഗ്രാജുവേറ്റ് 2020 അഭിമുഖീകരിച്ച് നിശ്ചിത യോഗ്യത നേടി കേരള സംസ്ഥാനത്തിനുവേണ്ടി തയ്യാറാക്കപ്പെടുന്ന റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും, പ്രോസ്പെക്ടസ് ക്ലോസ് 4 പ്രകാരം നിശ്ചിത യോഗ്യതകളുള്ളതുമായ അപേക്ഷകരെ ഏകീകൃത കൗൺസിലിംഗിലൂടെയായിരിക്കും അലോട്ട്മെന്റ് നടത്തുക.

4. **ഓൺലൈൻ അപേക്ഷാസമർപ്പണവും അപേക്ഷാഫീസും:–**

<u>www.cee.kerala.gov.in</u> എന്ന വെബ്സൈറ്റിലൂടെ **11.03.2020 മുതൽ 20.03.2020 വൈകുന്നേരം 5.00 മണി** വരെ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതും അപേക്ഷാഫീസ് ഓൺലൈൻ പേയ്മെന്റായോ ഇ–ചെലാൻ മുഖേനയോ അടയ്ക്കേണ്ടതാണ്. ഇ–ചെലാൻ വഴി ഫീസ് ഒടുക്കുന്നവർ ഓൺലൈനായോ അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ഇ–ചെലാൻ ഉപയോഗിച്ച് പണമായി കേരളത്തിലെ ഏതെങ്കിലും പോസ്റ്റ് ഓഫീസിന്റെ ഹെഡ്/സബ് ശാഖകളിലോ അടയ്ക്കേണ്ടതാണ്. അപേക്ഷകന്റെ ഒപ്പ്, സർട്ടിഫിക്കറ്റുകൾ/അനുബന്ധ രേഖകൾ എന്നിവ ഓൺലൈനായി അപ്ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയക്കേണ്ടതില്ല. ജനറൽ/എസ്.ഇ.ബി.സി അപേക്ഷാഫീസ് –1000/– രൂപയും പട്ടികജാതി/ പട്ടികവർഗ വിഭാഗം 500/– രൂപയും അടയ്ക്കേണ്ടതാണ്.

5. ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും– പി.ജി.മെഡിക്കൽ ഡിഗ്രി കോഴ്സിലേയ്ക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ പ്രോസ്പെക്ടസ് ക്ലോസ് 7.2.4 പ്രകാരം ഓൺലൈൻ അപേക്ഷയ്ക്കോപ്പം സർട്ടിഫിക്കറ്റുകൾ/ അനുബന്ധ രേഖകൾ **<u>www.cee.kerala.gov.in</u>** എന്ന വെബ്സൈറ്റിലൂടെ 20.03.2020 വൈകുന്നേരം 5.00 മണിയ്ക്ക് മുൻപായി അപ്ലോഡ് ചെയ്യേണ്ടതാണ്.

നിലവിൽ സർവ്വീസിൽ തുടരുന്ന അപേക്ഷകർ അപേക്ഷയുടെ പ്രിന്റൗട്ടും അപ്ലോഡ് ചെയ്യുന്ന അനുബന്ധ രേഖകളും ബന്ധപ്പെട്ട വകുപ്പ് മേധാവിയ്ക്ക് **20.03.2020** വൈകുന്നേരം5 മണിയ്ക്ക് മുൻപായി അയച്ചുകൊടുക്കേണ്ടതാണ്.

6. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെയും ആർ.സി.സിലെയും സ്റ്റേറ്റ് ക്വാട്ടാ സീറ്റുകളിലേയ്ക്കും സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ന്യൂനപക്ഷ സമുദായ ക്വാട്ട, എൻ.ആർ.ഐ. ക്വാട്ട എന്നിവ ഉൾപ്പെടെയുള്ള മുഴുവൻ പി.ജി. സീറ്റുകളിലേയ്ക്കും നീറ്റ് റാങ്കിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന സംസ്ഥാന റാങ്ക് ലിസ്റ്റിൽനിന്നും ഏകീകൃത കൗൺസലിംഗ് വഴിയായിരിക്കും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നത്.

7. എൻ.ആർ.ഐ./ മൈനോറിറ്റി/ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാർക്കുള്ള (EWS) ക്വാട്ടാ പ്രവേശനം: അർഹരായവർക്ക് യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ ഓൺലൈൻ അപേക്ഷയോടൊപ്പം നിശ്ചിത തീയതിയ്ക്കകം അപ് ലോഡ് ചെയ്യാവുന്നതാണ്. (വിജ്ഞാപനം കാണുക)

പ്രോസ്പെക്ടസിനും കുടുതൽ വിവരങ്ങൾക്കും <u>www.cee.kerala.gov.in</u> എന്ന വെബ്സൈറ്റ് കാണുക.

**Helpline number: 0471-2525300**

പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി

തിരുവനന്തപുരം
12.03.2020